# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1894 — 22.01.2014 ൽ മറുപടിയ്ക്ക്

## ജനസമ്പർക്ക പരിപാടികളെക്കുറിച്ചുള്ള പരാതികൾ

| ചോദ്യം<br>ശ്രീ. എ.കെ.ബാലൻ | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) മുഖ്യമന്ത്രിയുടെ ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടിയെക്കുറിച്ചോ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതിനെ ക്കുറിച്ചോ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ലഭിച്ച പരാതികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;<br><br>ബി) ഏതെല്ലാം തരത്തിലുള്ള പരാതികളാണ് ലഭിച്ചതെന്ന് വിശദമാക്കുമോ; | എ)+ബി) മുഖ്യമന്ത്രിയുടെ ജന സമ്പർക്ക പരിപാടിയെ വിമർശിച്ചു കൊണ്ട് തൃശ്ശൂർ ജില്ലയിൽ നിന്നും ഒരു പരാതി ലഭിച്ചിട്ടുണ്ട്.<br><br>2011 ൽ പാലക്കാട് ജില്ലയിൽ നടന്ന ജനസമ്പർക്ക പരിപാടിയിൽ ദുരിതാശ്വാസനിധിയിൽ നിന്നും സാമ്പത്തിക ക്രമക്കേട് നടത്തിയ ഒരു കേസ്സിൽ ബന്ധപ്പെട്ട ജീവനക്കാരനെതിരെ അന്വേഷണം നടന്നുകൊണ്ടിരിക്കുന്നു. |
| സി) ആശുപത്രികളും ആംബലൻസുകാരും ചേർന്ന് ചികിത്സാ ധനസഹായത്തിന്റെ പേരിൽ പണം തട്ടുന്നതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | സി) പരാതി ലഭിച്ചിട്ടില്ല. |

| | |
|---|---|
| ഡി) ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനായി എത്ര അപേക്ഷകളാണ് ലഭിച്ചത്; എത്ര പേർക്കാണ് ധനസഹായം അനുവദിച്ചത്; എന്തു തുക അനുവദിച്ചു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | ഡി) ഒന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച 83,561 അപേക്ഷകളിൽ 79,487 അപേക്ഷകർക്ക് 19,05,27,003 രൂപ ധനസഹായം അനുവദിച്ചു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു.<br><br>ഇപ്പോൾ ലഭ്യമായ വിവരം അനുസരിച്ച് രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിച്ച 54,802 അപേക്ഷകളിൽ 25,672 അപേക്ഷകർക്ക് 35,31,58,800 രൂപ ധനസഹായമായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു. |
| ഇ) മുമ്പ് നൽകിയ അപേക്ഷകളിന്മേൽ പരിശോധനകൾക്ക് ശേഷം ഒന്നും രണ്ടും ജനസമ്പർക്ക വേദിയിൽ വച്ച് ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം ചെക്കായി എത്ര പേർക്ക് നൽകി; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | <u>ഇ) +എഫ്)</u><br>വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| എഫ്) ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടി ദിവസം വേദിയിൽ ലഭിച്ച അപേക്ഷ പരിഗണിച്ച് ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുകയും ആയത് ചെക്കായി അന്നുതന്നെ എത്ര പേർക്ക് നൽകുകയും ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ? | |

Kuntakunt

സെക്ഷൻ ഓഫീസർ

അനുബന്ധം -1

ജനസമ്പർക്ക പരിപാടി - 2011

| ജില്ല | ആകെ പരാതി | ധനസഹായം ലഭിച്ച അപേക്ഷകരുടെഎണ്ണം | അനുവദിച്ച തുക |
|---|---|---|---|
| തിരുവനന്തപുരം | 1669 | 1669 | 7899000 |
| കൊല്ലം | 3619 | 3619 | 1063900 |
| പത്തനംതിട്ട | 4258 | 4258 | 15880000 |
| ആലപ്പുഴ | 6909 | 5497 | 28117500 |
| കോട്ടയം | 5554 | 5554 | 20797000 |
| ഇടുക്കി | 7654 | 7654 | 32135800 |
| എറണാകുളം | 1922 | 1007 | 5137000 |
| തൃശ്ശൂർ | 4131 | 3538 | 15475303 |
| മലപ്പുറം | 4814 | 3724 | 11803500 |
| പാലക്കാട് | 5479 | 5479 | 17954500 |
| കോഴിക്കോട് | 462 | 398 | 3047350 |
| വയനാട് | 1981 | 1981 | 7180000 |
| കണ്ണൂർ | 4502 | 4502 | 14112000 |
| കാസർഗോഡ് | 30607 | 30607 | 9925950 |
| ആകെ | 83561 | 79487 | 190527003 |

Kulakush

സെക്ഷൻ ഓഫീസർ

## അനുബന്ധം - 2

## ജനസമ്പർക്ക പരിപാടി - 2013

| ജില്ല | ആകെ ലഭിച്ച അപേക്ഷ | ധനസഹായം നൽകിയ അപേക്ഷകരുടെഎണ്ണം | അനുവദിച്ച് ഉത്തരവായ തുക |
|---|---|---|---|
| തിരുവനന്തപുരം | 3345 | 2479 | 22845000 |
| കൊല്ലം | 15533 | 4179 | 48279500 |
| പത്തനംതിട്ട | 3792 | 2347 | 52509000 |
| ആലപ്പുഴ | 8110 | 2128 | 25953500 |
| കോട്ടയം | 3994 | 936 | 20710500 |
| ഇടുക്കി | 1340 | 1340 | 22573500 |
| എറണാകുളം | 1955 | 924 | 20239000 |
| തൃശ്ശൂർ | 2869 | 1260 | 11841000 |
| മലപ്പുറം | 4049 | 2218 | 23560000 |
| പാലക്കാട് | 2129 | 2129 | 24237500 |
| കോഴിക്കോട് | 1448 | 1124 | 23314500 |
| വയനാട് | 1700 | 1292 | 32642500 |
| കണ്ണൂർ | 3852 | 2630 | 16785300 |
| കാസർഗോഡ് | 686 | 686 | 7668000 |
| ആകെ | 54802 | 25672 | 353158800 |

(signature)
സെക്ഷൻ ഓഫീസർ